**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4024** **28-06-2024 - ൽ മറുപടിയ്ക്ക്**

**മഞ്ഞപ്പിത്തം, പകർച്ച വ്യാധികൾ എന്നിവയ്ക്ക് സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയവരുടെ വിവരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ സംസ്ഥാനത്ത് മഞ്ഞപ്പിത്തവും മാരക പകർച്ചവ്യാധികളും കാരണം സർക്കാർ ആശുപത്രികളിൽ പ്രവേശിപ്പിച്ച് ചികിത്സ തേടിയ രോഗികളുടെ എണ്ണം എത്രയാണ്; അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ; | (എ) | ജില്ല തിരിച്ചുള്ള വിശദാംശം **അനുബന്ധം** ആയി ചേർക്കുന്നു. |
| (ബി) | ഇത്തരത്തിൽ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയവർക്ക് നൽകാൻ ആവശ്യത്തിന് മരുന്നും മറ്റും ഇല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | ആവശ്യമായ മരുന്ന് ആശുപത്രികളിൽ ക്രമീകരിച്ചിട്ടുണ്ട്.<br><br>മഞ്ഞപ്പിത്തം, പകർച്ച വ്യാധികൾ എന്നിവയുമായി ബന്ധപ്പെട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ഉയർന്നു വന്ന ആക്ഷേപങ്ങൾക്ക് വകുപ്പ് തലത്തിൽ സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ടുകൾക്ക് ആസ്പദമായ സംഭവങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം നൽകാമോ? | (സി) | ആവശ്യമായ മരുന്ന് ആശുപത്രികളിൽ ക്രമീകരിച്ചിട്ടുണ്ട്.<br><br>മഞ്ഞപ്പിത്തം, പകർച്ച വ്യാധികൾ എന്നിവയുമായി ബന്ധപ്പെട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**മഞ്ഞപ്പിത്തം ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ കാരണം സർക്കാർ ആശുപത്രികളിൽ പ്രവേശിപ്പിച്ച് ചികിത്സ തേടിയ രോഗികളുടെ ജില്ല തിരിച്ചുള്ള കണക്ക്**

| ജില്ല | രോഗികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 5046 |
| കൊല്ലം | 8819 |
| പത്തനംതിട്ട | 6188 |
| ആലപ്പുഴ | 4986 |
| ഇടുക്കി | 632 |
| കോട്ടയം | 4029 |
| എറണാകുളം | 2005 |
| തൃശ്ശൂർ | 3895 |
| പാലക്കാട് | 2456 |
| മലപ്പുറം | 6336 |
| വയനാട് | 1257 |
| കോഴിക്കോട് | 4493 |
| കണ്ണൂർ | 2425 |
| കാസറഗോഡ് | 335 |

സെക്ഷൻ ഓഫീസർ